**ഒറീസയിലെ ആദിവാസി മേഖലയിൽ വേദാന്ത കമ്പനി നടത്തിയ അനധികൃത ഖനനത്തിനെതിരെ ഉയർന്നുവന്ന ജനകീയ പ്രക്ഷോഭത്തെക്കുറിച്ചും സർക്കാരുകളുടെയും കോടതികളുടെയും ജനവിരുദ്ധ നടപടികളെക്കുറിച്ചും സമരപ്രവർത്തകൻ പ്രഫുല്ല സാമന്തറാ സംസാരിക്കുന്നു**


# വേദാന്ത: കുറ്റംചെയ്യുന്ന സർക്കാറും കൂട്ടുനിൽക്കുന്ന കോടതിയും

**ധാതുസമ്പത്ത്** കനിഞ്ഞു നൽകപ്പെട്ടിരിക്കുന്ന സംസ്ഥാനമാണ് ഒറീസ്സ. ഇരുമ്പ്, ബോക്സൈറ്റ് തുടങ്ങിയ ധാതുക്കൾ ഖനനത്തിലൂടെ ചൂഷണം ചെയ്യാനാണ് വൻകിട കമ്പനികൾ ശ്രമിക്കുന്നത്. കാളഹന്ദി ജില്ലയിൽ പൂർവ്വഘട്ട മലനിരകളിലുള്ള നിയമഗിരി കുന്നിൽ നിന്നും ബോക്സൈറ്റ് ഖനനം ചെയ്യാനാണ് വേദാന്ത കമ്പനിയും ഒറീസ്സയിലെത്തിയത്. പ്രശ്നങ്ങളൊന്നും പരിഗണിക്കാതെ ഒറീസ മൈനിംഗ് കോർപ്പറേഷൻ ഇവർക്ക് ഖനനം നടത്താനുള്ള അനുമതി നൽകുകയും ചെയ്തു. പൂർവ്വഘട്ടത്തിലെ വളരെ പ്രധാനപ്പെട്ട ഒരു പാരിസ്ഥിതികമേഖലയാണ് നിയമഗിരി. ഭഗധര, നാഗബലി എന്നിങ്ങനെ രണ്ട് നദികൾ ഇവിടെ നിന്ന് ഉദ്ഭവിക്കുന്നു. നിരവധി ജന്തുജാലങ്ങളും ഔഷധസസ്യങ്ങളും ആദിവാസി സമൂഹങ്ങളുമുള്ള പ്രദേശം കൂടിയാണിത്. പ്രധാനമായും രണ്ട് ആദിമഗോത്രവിഭാഗങ്ങളാണിവിടെയുള്ളത്; ധോംഗ്രിയാ കന്ത്, കുടിയ. കുന്നിന്റെ മുകളിൽ ധോംഗ്രിയാ വിഭാഗവും താഴെ കുടിയാ വിഭാഗവുമാണ് താമസിക്കുന്നത്. വേദാന്ത ഖനനം തുടങ്ങിയാൽ വാസസ്ഥലവും മറ്റ് അടിസ്ഥാന ജീവിത സൗകര്യങ്ങളും നഷ്ടമാകുമെന്നതിനാൽ അതിനാൽ ആദിവാസികൾ തന്നെയാണ് 2003ൽ സമരം തുടങ്ങിയത്. നിയമഗിരി കുന്നിലെ ഖനനപ്രദേശത്തിന്റെ താഴ്വരയിലെ ലാഞ്ചിഗഡ് എന്ന സ്ഥലത്ത് നാട്ടുകാരുടെ പ്രതിഷേധത്തെ അവഗണിച്ച് ബോക്സൈറ്റ് റിഫൈനറിയും വേദാന്ത ആരംഭിച്ചു. ലാഞ്ചിഗഡിൽ നിന്നും ഖനനം നടക്കുന്ന നിയമഗിരി കുന്നിലേക്ക് കൺവയർ ബെൽറ്റും അപ്രോച്ച് റോഡുമെല്ലാം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയില്ലാതെ അവർ നിർമ്മിച്ചു. ശക്തമായ സമരമുണ്ടായിട്ടും സർക്കാറിന്റെയും കോടതികളുടെയും പിന്തുണയോടെ അതെല്ലാം അടിച്ചമർത്തി അവർ ഖനനം തുടങ്ങി.

### കോടതിയുടെ ക്രൂരത

അനധികൃത ഖനനത്തിനെതിരെ പരിസ്ഥിതി പ്രവർത്തകർ സുപ്രീംകോടതിയിൽ കേസ് കൊടുത്തു. തുടർന്ന് 2004 ഡിസംബറിൽ സുപ്രീം കോടതി ഒരു കേന്ദ്രാധികാര സമിതിയെ (Central Empowered Committee) പ്രശ്നങ്ങൾ പഠിക്കുന്നതിനായി നിയമിച്ചു. കാടിനെയും പരിസ്ഥിതിയെയും സംബന്ധിച്ച കാര്യങ്ങളിൽ അന്വേഷണം നടത്തുന്ന സുപ്രീം കോടതിയുടെ ഉന്നതധികാര സമിതിയായിരുന്നു അത്. ആദിവാസികൾക്കും പരിസ്ഥിതിക്കുമുണ്ടാകുന്ന പ്രശ്നങ്ങൾ കണക്കിലെടുത്ത് ഖനനം നിർത്തിവയ്ക്കണമെന്ന് സമിതി സുപ്രീം കോടതിക്ക് നിർദ്ദേശം നൽകി. നിയമലംഘനം നടത്തിക്കൊണ്ട് ലാഞ്ചിഗഡിൽ പ്രവർത്തിക്കുന്ന വേദാന്തയുടെ അലൂമിനിയം

പ്ലാന്റിന്റെ പ്രവർത്തനങ്ങൾ നിർത്തിവെക്കാനും സമിതി നിർദ്ദേശിച്ചു. ഇതിനിടയിൽ മറ്റ് സംസ്ഥാനങ്ങളിലേക്കും സമരത്തിന്റെ അലയൊലികൾ വ്യാപിച്ചു. ഖനനവും ഒപ്പം അലൂമിനിയവും പരിസ്ഥിതിക്ക് ദോഷകരമാണെന്ന സന്ദേശമാണ് സമരത്തിൽ പ്രധാനമായും ഉന്നയിച്ചത്. തുടർന്ന് വേദാന്ത കമ്പനി പോലീസിന്റെ സഹായത്തോടെ ജനങ്ങൾക്കെതിരെ അക്രമം അഴിച്ചുവിട്ടു. സമരം കൂടുതൽ ശക്തമായി. എന്നാൽ സുപ്രീംകോടതി തങ്ങളുടെ തന്നെ ഉന്നതാധികാരസമിതി മുന്നോട്ട് വച്ച നിർദ്ദേശം സ്വീകരിച്ചില്ല. നിർദ്ദേശം തള്ളി എന്നതുമാത്രമല്ല, ഈ കേസിലെ സുപ്രീംകോടതിയുടെ എല്ലാ ഇടപെടലുകളും ഭരണഘടനയ്ക്കും നിയമത്തിനും വിരുദ്ധമായിരുന്നു. തദ്ദേശവാസികളായ ആദിവാസികളുടെ അനുവാദമില്ലാതെയാണ് അവരുടെ വാസസ്ഥലത്ത് പ്ലാന്റിന്റെ നിർമ്മാണം ആരംഭിച്ചത്. ആദിവാസി ജനതയ്ക്ക് അവകാശമുള്ള വിഭവങ്ങൾ കൈമാറ്റം ചെയ്യപ്പെടാൻ പാടില്ലെന്ന് നിയമമുണ്ട്. സുപ്രീംകോടതി ആ നിയമം കണ്ടില്ലെന്ന് നടിച്ചു. മൂന്ന് ജഡ്ജിമാർ അടങ്ങുന്ന സുപ്രീംകോടതി ബഞ്ച് ആയിരുന്നു കേസ് പരിഗണിച്ചത്. അന്നത്തെ ചീഫ് ജസ്റ്റിസുമാരായിരുന്ന കെ.ജി. ബാലകൃഷ്ണൻ, അരിജിത്ത് പ്രസാദ്, ഇപ്പോഴത്തെ സുപ്രീംകോടതി ചീഫ് ജസ്റ്റിസ് എസ്. എച്ച്. കപാടിയ. ഈ ഉന്നതരായ ജഡ്ജിമാർ നിയമങ്ങളെല്ലാം കണ്ടില്ലെന്ന് നടിച്ച് കോർപറേറ്റുകൾക്ക് വേണ്ടി വധി പറഞ്ഞു. കമ്പനിക്ക് വീണ്ടും പ്രവർത്തിക്കാൻ അനുമതി ലഭിച്ചു. വേദാന്തയുടെ സബ്സിഡിയറി കമ്പനിയായിരുന്ന സ്റ്റെറിലൈറ്റ് കമ്പനിയുടെ ഷെയർ ഹോൾഡറായിരുന്നു ജസ്റ്റിസ് എസ്.എച്ച് കപാടിയ. കേസുനടക്കുന്ന കമ്പനിയുമായി ബന്ധമുള്ള ജഡ്ജാണ് ബഞ്ചിലുണ്ടായിരുന്നത് എന്നത് ജുഡീഷ്യറിയെ നാണം കെടുത്തുന്ന കാര്യമാണ്. കേസിൽ വിധിവരുന്നതുവരെ അക്കാര്യം അദ്ദേഹം പുറത്ത് പറഞ്ഞിരുന്നില്ല. അഡ്വക്കേറ്റ് പ്രശാന്ത് ഭൂഷണാണ് ഇക്കാര്യം പുറത്ത് കൊണ്ടുവരുന്നത്. എസ്.എച്ച്. കപാടിയയുടെ നടപടിയെ ചോദ്യം ചെയ്തതിന് പ്രശാന്ത് ഭൂഷണെതിരെ കോടതിയലക്ഷ്യത്തിന് കേസെടുത്തു. സുപ്രീംകോടതിയുടെ നിലപാട് കോർപ്പറേറ്റുകൾക്കനുകൂലമാണെന്നതിന് ഉത്തമ തെളിവാണിത്.



**ആദിവാസി ജനതയ്ക്ക് അവകാശമുള്ള വിഭവങ്ങൾ കൈമാറ്റം ചെയ്യപ്പെടാൻ പാടില്ലെന്ന് നിയമമുണ്ട്. സുപ്രീംകോടതി ആ നിയമം കണ്ടില്ലെന്ന് നടിച്ചു. മൂന്ന് ജഡ്ജിമാർ അടങ്ങുന്ന സുപ്രീംകോടതി ബഞ്ച് ആയിരുന്നു കേസ് പരിഗണിച്ചത്. അന്നത്തെ ചീഫ് ജസ്റ്റിസുമാരായിരുന്ന കെ.ജി. ബാലകൃഷ്ണൻ, അരിജിത്ത് പ്രസാദ്, ഇപ്പോഴത്തെ സുപ്രീംകോടതി ചീഫ് ജസ്റ്റിസ് എസ്.എച്ച്. കപാടിയ. ഈ ഉന്നതരായ ജഡ്ജിമാർ നിയമങ്ങളെല്ലാം കണ്ടില്ലെന്ന് നടിച്ച് കോർപറേറ്റുകൾക്ക് വേണ്ടി വധി പറഞ്ഞു.**

### സമരം ശക്തമാകുന്നു

അതിനിടയിൽ ഖനനം തടസ്സമില്ലാതെ തുടർന്നു, മറുവശത്ത് വനാവകാശനിയമവും നിലവിൽ വരുകയും ചെയ്തു. വീണ്ടും സമരം ശക്തമായി. നിരവധി കമ്മറ്റികൾ വിഷയം പഠിക്കാനെത്തുകയും ഖനനം തടയണമെന്ന സുപ്രീംകോടതി ഉന്നതാധികാരസമിതിയുടെ നിലപാടിൽ ഉറച്ചു നിൽക്കുകയും ചെയ്തു. ലാഞ്ചിഗഡിലെ അലൂമിനിയം പ്ലാന്റ് സമീപ ഗ്രാമങ്ങളിലെ അന്തരീക്ഷം മലിനമാക്കി, ആരോഗ്യപ്രശ്നങ്ങളുണ്ടായി. സമരം ചെയ്ത എന്നെപ്പോലെയുള്ള നിരവധി പേർ ശാരീരികമായി അക്രമിക്കപ്പെട്ടു, കള്ളക്കേസുണ്ടാക്കി, സ്ത്രീകളെ ജയിലിലടച്ചു. രണ്ട് ആദിവാസികളെ കമ്പനി ഗുണ്ടകൾ കൊന്നു. സമരം വിദേശത്തേക്കും വ്യാപിച്ചു.

### ഖനനം നിർത്തുന്നു

സമരം മുന്നോട്ടുവെക്കുന്ന യാഥാർത്ഥ്യങ്ങൾ അംഗീകരിക്കാൻ ഇന്ത്യാഗവൺമെന്റ് നിർബന്ധിതരായി. ഒപ്പം പ്രശ്നം പഠിക്കുന്നതിനായി പരിസ്ഥിതി മന്ത്രാലയം നിയമിച്ച എൻ.സി. സക്സേന കമ്മിറ്റി വനാവകാശ നിയമവും വനസംരക്ഷണ നിയമവും വേദാന്ത കമ്പനി ലംഘിക്കുന്നതായി കണ്ടെത്തി. ഇതിനെ തുടർന്നാണ് ഖനനം നിർത്തണമെന്ന പരിസ്ഥിതി മന്ത്രി ജയ്റാം രമേശ് തീരുമാനമെടുക്കുന്നത്. ഖനനം നിർത്തിയതുകൊണ്ടുമാത്രം പ്രശ്നങ്ങൾ അവസാനിക്കുന്നില്ല. ഗവൺമെന്റ് ജനങ്ങൾക്കൊപ്പമാണെങ്കിൽ അവർ ലാഞ്ച്ഘട്ടിലുള്ള അലൂമിനിയം പ്ലാന്റ് നിർത്താൻ തയ്യാറാകണം. ഈ പ്ലാന്റ് നിയമപരമായി നിയമവിരുദ്ധമാണ്. ഈ വാക്കുപയോഗിച്ചിരിക്കുന്നത് സക്സേനകമ്മറ്റിയാണ്. കോൺഗ്രസ് ശരിക്കും ആദിവാസികൾക്കൊപ്പമാണെങ്കിൽ പോസ്കോയടക്കം അടച്ചുപൂട്ടാൻ തയ്യാറാകണം. പോസ്കോയും ആദിവാസികൾക്കവകാശമുള്ള വിഭവങ്ങൾ തന്നെയാണ് ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നത്. സ്റ്റേറ്റിന്റെ ഭാഗത്ത് നിന്നുണ്ടായ അക്രമങ്ങളെ അഹിംസാമാർഗ്ഗത്തിലൂടെയാണ് ഞങ്ങൾ പ്രതിരോധിച്ചത്. ജനാധിപത്യരീതിയിൽ പരമാവധി ജനങ്ങളെ അണിനിരത്തുന്നതിലൂടെ മാത്രമേ നമുക്ക് സ്റ്റേറ്റിനോടു പൊരുതി നിൽക്കാനാവൂ. ക്വിറ്റിന്ത്യാസമരത്തിൽ ഗാന്ധിജി ചെയ്തതും ഇതു തന്നെയാണ്.

### രാഷ്ട്രീയനിലപാട്

90കളിൽ ഇന്ത്യയിൽ ശക്തരായി വേരുറപ്പിച്ച കോർപ്പറേറ്റുകളാണ് ഇന്നത്തെ ഭരണവ്യവസ്ഥ തന്നെ നിയന്ത്രിക്കുന്നത്. അവർക്ക് ജനങ്ങളോട് യാതൊരു പ്രതിബദ്ധതയുമില്ല. കോർപ്പറേറ്റുകൾ തയ്യാറാക്കിയ വികസന പദ്ധതികൾ പിന്തുടരുകയാണ് ഗവൺമെന്റ് ചെയ്യുന്നത്. ബദൽ മാർഗ്ഗങ്ങൾ നിർദ്ദേശിച്ചുകൊണ്ടുള്ള പ്രചാരണപരിപാടികളിലൂടെ ഇതിനെ എതിർത്ത്, ശക്തമായി മുന്നേറാനാണ് ജനകീയപ്രസ്ഥാവങ്ങൾ ശ്രമിക്കേണ്ടത്.

*(സംഭാഷണത്തിൽ നിന്നും തയ്യാറാക്കിയത്: കെ. സഹദേവൻ, സബ്ന)*